# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഫെബ്രുവരി 14<br>February 14 | 2019 |
| --- | --- |

*1193 കുംഭം 2 വ്യാഴം*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ജില്ലാ സ്പോർട്സ് കൗൺസിൽ ഭാരവാഹികളെ തിരഞ്ഞെടുത്തു**

പത്തനംതിട്ട ജില്ലാ സ്പോർട്സ് കൗൺസിൽ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റായി എ.അനിൽകുമാറിനെയും വൈസ് പ്രസിഡന്റായി സി.എൻ രാജേഷിനെയും സംസ്ഥാന കമ്മറ്റിയിലേക്കുള്ള ജില്ലാ പ്രതിനിധിയായി ജി.വിപിനെയും തിരഞ്ഞെടുത്തു. വീണ ജോർജ് എംഎൽഎയുടെ അധ്യക്ഷതയിലാണ് തെരഞ്ഞെടുപ്പ് നടന്നത്. ജില്ലയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ് ഈ തെരഞ്ഞെടുപ്പെന്നും സംസ്ഥാന കായിക ഭൂപടത്തിൽ ജില്ല മുന്നോട്ട് വരുന്നതിനുള്ള തീവ്രമായ ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്നും എം.എൽ.എ പറഞ്ഞു. എല്ലാ പഞ്ചായത്തുകളിലും ഓരോ സ്റ്റേഡിയം എന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം എന്നും അതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണെന്നും എം.എൽ.എ കൂട്ടിച്ചേർത്തു. സഹകരണവകുപ്പ് അസിസ്റ്റന്റ് രജിസ്ട്രാർ എസ്. നസീറായിരുന്നു റിട്ടേണിംഗ് ഓഫീസർ.

ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ റാന്നി എം.എൽ.എ രാജു എബ്രഹാം സന്നിഹിതനായിരുന്നു. പതിനൊന്ന് എക്സ് ഒഫീഷ്യോ അംഗങ്ങൾ, 34 സ്പോർട്സ് കൗൺസിൽ അംഗങ്ങൾ, ഒരു മുനിസിപ്പൽ കൗൺസിലർ, ഒരു ബ്ലോക്ക് പഞ്ചായത്ത് വിഭാഗം അംഗം, അഞ്ച് ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, ഗവൺമെന്റ് നാമനിർദേശം ചെയ്ത മൂന്ന് അംഗങ്ങൾ, ജില്ലാ കളക്ടർ നിർദേശിച്ച ആറ് അംഗങ്ങൾ എന്നിവരടങ്ങുന്ന 61 അംഗങ്ങളിൽ നിന്നാണ് പ്രതിനിധികളെ തെരഞ്ഞെടുക്കുന്നത്. പുതിയ പ്രസിഡന്റിന്റെ ആധ്യക്ഷതയിൽ യോഗം ചേർന്നു. അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം

ഈ മാസം 21ന് ചേരും. പത്തനംതിട്ട നഗരസഭ ചെയർപേഴ്സൺ ഗീത സുരേഷ്, പന്തളം നഗരസഭാ ചെയർപേഴ്സൺ സതിദേവി, ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി ടി.പി സെബാസ്റ്റ്യൻ, ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, അസോസിയേഷൻ പ്രതിനിധികൾ, സ്പോർട്സ് താരങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 547/19)

## ജില്ലാ പൈതൃക മ്യൂസിയം :
## പൈതൃക ശേഷിപ്പുകളുടെ ഏറ്റുവാങ്ങൽ ഇന്ന് (15ന്)

ജില്ലയുടെ പൈതൃകം വിളംബരം ചെയ്യുന്ന ജില്ലാ പൈതൃക മ്യൂസിയം കോന്നി ആനത്താവളത്തിൽ തയ്യാറാകുന്നു. സംസ്ഥാന പുരാവസ്തുവകുപ്പ്, കേരളം മ്യൂസിയം, പന്തളം എൻഎസ്എസ് കോളജ് ചരിത്രവിഭാഗം എന്നിവയുടെ സഹകരണത്തോടെ വിവിധ പ്രദേശങ്ങളിൽ നടത്തിയ സർവെയിൽ ശേഖരിച്ച പുരാവസ്തുക്കൾ ഇന്ന് രാവിലെ 10ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഏറ്റുവാങ്ങും. ഇതോടനുബന്ധിച്ച് അടൂർ പ്രകാശ് എംഎൽഎയുടെ അധ്യക്ഷതയിൽ കോന്നി ആനത്താവളത്തിൽ നടക്കുന്ന ചടങ്ങ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. സർക്കാരിന്റെ മ്യൂസിയം നോഡൽ ഏജൻസിയായ കേരളം മ്യൂസിയത്തെയാണ് മ്യൂസിയം സജ്ജീകരണചുമതല ഏൽപ്പിച്ചിരിക്കുന്നത്. കേരളം മ്യൂസിയത്തിന്റെ നേതൃത്വത്തിൽ പന്തളം എൻ.എസ്.എസ് കോളേജിലെ ചരിത്രവിഭാഗം വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും സഹകരണത്തോടെ ജില്ലയിലുടനീളം പൈതൃക സർവ്വേ സംഘടിപ്പിക്കുകയും പ്രദർശനവസ്തുക്കൾ ശേഖരിക്കുകയും ചെയ്തിരുന്നു. വനം വകുപ്പ് മന്ത്രി കെ.രാജു പൈതൃക സർവേയിൽ പങ്കെടുത്തവരെ ആദരിക്കും. ചടങ്ങിൽ ആന്റോ ആന്റണി എംപി മുഖ്യാതിഥിയായിരിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ എന്നിവർ വിശിഷ്ടാതിഥികളായിരിക്കും. പന്തളം എൻഎസ്എസ് കോളജ് ചരിത്രവിഭാഗം മേധാവി ഡോ.ലേഖാപിള്ള പൈതൃക പര്യവേഷണം വിവരണം നടത്തും. ചടങ്ങിൽ പൈതൃക ശേഷിപ്പ് സമാഹരണത്തിൽ പങ്കെടുത്തവരെ അനുമോദിക്കും. കോന്നി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.രജനി, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ എലിസബത്ത് അബു, തദ്ദേശഭരണ ഭാരവാഹികളായ ലീലാരാജൻ, പ്രവീൺ പ്ലാവിളയിൽ, പി.ഗീത, മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർ എസ്.അബു, ആറന്മുള വാസ്തുവിദ്യാ ഗുരുകുലം എക്സിക്യൂട്ടീവ് ഡയറക്ടർ റ്റി.കെ.കരുണദാസ്, ഡിഎഫ്ഒ കെ.എൻ.ശ്യാംമോഹൻലാൽ, വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും. ജില്ലയുടെ ചരിത്രവും പൈതൃകവും പശ്ചാത്തലമാക്കിയുള്ള സെമിനാറും ചടങ്ങിനോടനുബന്ധിച്ച് സംഘടിപ്പിച്ചിട്ടുണ്ട്. (പിഎൻപി 548/19)

## 2018 – 19 വാർഷികപദ്ധതി നിർവഹണം:
## 70.36 ശതമാനം ചെലവഴിച്ച് ഗ്രാമപഞ്ചായത്തുകൾ

ജില്ലാ ആസൂത്രണ സമിതിയുടെ ശരിയായ പ്രവർത്തനങ്ങളിലൂടെയും ഏകോപനത്തിലൂടെയും വാർഷികപദ്ധതി നിർവഹണത്തിൽ ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങൾ ഏറെ മുന്നിൽ. പ്രളയ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 2019–2020 വർഷത്തെ പദ്ധതികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രാധാന്യം നൽകിയപ്പോൾ മുൻവർഷങ്ങളിലെ പദ്ധതികൾക്ക് പ്രത്യേക സാഹചര്യത്തിൽ ആവശ്യമായ ഭേദഗതികളും വരുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2018–19 വാർഷികപദ്ധതി ചെലവ് പ്രകാരം 70.36 ശതമാനം ചെലവഴിച്ച് ഗ്രാമപഞ്ചായത്തുകളാണ് ഏറെ മുന്നിൽ. ബ്ലോക്ക് പഞ്ചായത്തുകൾ–67.41 ശതമാനം, നഗരസഭകൾ 58.91 ശതമാനം, ജില്ലാ പഞ്ചായത്ത് 52.21 ശതമാനം ഇങ്ങനെ ആകെ 65.52 ശതമാനം. എസ്

സിഎ ടു എസ്‌സിഎസ്പി സ്കീമിൽ ഉൾപ്പെടുത്തി 2018-19 വർഷം അഞ്ച് പദ്ധതികൾക്ക് 50,60,000 രൂപയുടെ ഭരണാനുമതി നൽകി. ജില്ലാപഞ്ചായത്ത്, നാല് നഗരസഭകൾ, എട്ട് ബ്ലോക്ക് പഞ്ചായത്തുകൾ, 53 ഗ്രാമപഞ്ചായത്തുകൾ എന്നിങ്ങനെ ജില്ലയിൽ 66 തദ്ദേശഭരണ സ്ഥാപനങ്ങളാണ് ജില്ലയിൽ നിലവിലുള്ളത്.

പദ്ധതി നടത്തിപ്പ് പുരോഗമിച്ചുവരികയാണ്. 50 എസ്‌സി വനിതകൾക്ക് ആടു വളർത്തൽ സഹായം, ഗോദാനം പശു യൂണിറ്റ്, പത്ത് എസ്‌സി വനിതകൾക്ക് ബനാന, ചക്ക വാല്യു ആഡഡ് പ്രൊഡക്ട്സ് പരിശീലനം, പത്ത് എസ്‌സി വനിതകൾക്കായി മലയാലപ്പുഴയിൽ അക്ഷര പ്രിന്റിംഗ് പ്രസ്സ്, വിവിധ മത്സരപരീക്ഷാ പരിശീലനം എന്നിവയാണ് പദ്ധതികൾ. ജില്ലാ മൃഗസംരക്ഷണ ഓഫീസർ, ജില്ലാ ക്ഷീരവികസനവകുപ്പ്, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ, ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ എന്നിവർക്ക് ഈ പദ്ധതികളുടെ നിർവഹണ ചുമതല ജില്ലാ പ്ലാനിംഗ് ഓഫീസർ നൽകിയിട്ടുള്ളത്. ഓഫീസിൽ നിന്നും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും സ്ഥലപരിശോധന നടത്തി പദ്ധതികളുടെ ഗുണനിലവാരം വിലയിരുത്തുകയും ചെയ്യുന്നു. കൂടാതെ പ്രത്യേകം അവലോകന യോഗങ്ങൾ കൂടി പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. പഞ്ചായത്ത് പ്രവർത്തനങ്ങൾ ആസൂത്രണസമിതികൾ ഏകോപിപ്പിച്ചത് പ്രവർത്തനങ്ങൾ വേഗത്തിലാക്കി. കൂടാതെ ബ്ലോക്ക്/ജില്ലാതല അവലോകന യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ നടത്തുകയും സംശയങ്ങളും പ്രശ്നങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇടപെട്ട് പരിഹരിക്കുകയും ചെയ്തത് പദ്ധതികളുടെ വേഗത കൂട്ടി. ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും 2019-20 വാർഷിക പദ്ധതികൾക്കും ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകി. (പിഎൻപി 549/19)

## ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകുന്നു

ജില്ലാ പഞ്ചായത്തിൽ നിന്നും ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി പ്രകാരം ചലന,ശ്രവണ,കാഴ്ച വൈകല്യങ്ങളുള്ളവർക്ക് വിവിധ സഹായ ഉപകരണങ്ങൾ നൽകുന്നു. പഞ്ചായത്ത് ഗ്രാമസഭാ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവരും മെഡിക്കൽ ബോർഡിന്റെ വൈകല്യ സർട്ടിഫിക്കറ്റുള്ളവരുമായ ഭിന്നശേഷിക്കാർക്ക് അപേക്ഷിക്കാം. പത്തനംതിട്ട സ്റ്റേഡിയം ജംഗ്ഷന് സമീപം ഡോക്ടേഴ്സ് ലൈനിലെ കാപ്പിൽ ആർക്കേഡിൽ പ്രവർത്തിക്കുന്ന ജില്ലാ സാമൂഹ്യനീതി ഓഫീസിൽ ഈ മാസം 21 വരെ അപേക്ഷ സ്വീകരിക്കും. ഫോൺ: 0468 2325168. (പിഎൻപി 550/19)

## ജില്ലയിൽ അഞ്ച് പഞ്ചായത്തുകൾ സമ്പൂർണ ഭക്ഷ്യസുരക്ഷയിലേക്ക്

സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി ജില്ലയിൽ അഞ്ച് പഞ്ചായത്തുകൾ സമ്പൂർണ ഭക്ഷ്യസുരക്ഷയിലേക്ക്. കൊടുമൺ, കോന്നി, കവിയൂർ, റാന്നി, ആറന്മുള പഞ്ചായത്തുകളെയാണ് ജില്ലയിൽ നിന്നും സമ്പൂർണ ഭക്ഷ്യസുരക്ഷാ പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. തദ്ദേശസ്ഥാപനങ്ങളുടെ സഹകരണത്തോടെ പൊതുജന പങ്കാളിത്തം ഉറപ്പാക്കി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എന്നതാണ് ലക്ഷ്യം.

പൊതു കുടിവെള്ളസ്രോതസ്സുകളിൽ നിന്നുള്ള കുടിവെള്ളത്തിന്റെ സൗജന്യ ഗുണനിലവാര പരിശോധന, എല്ലാ ഭക്ഷ്യ ഉത്പാദന-വിതരണ സ്ഥാപനങ്ങളിലും സ്പെഷ്യൽ പരിശോധനകൾ, കുടുംബശ്രീ പ്രവർത്തകർ, വീട്ടമ്മമാർ, സ്കൂൾ-കോളജ് വിദ്യാർഥികൾ, ഭക്ഷ്യ വിൽപ്പനയുമായി ബന്ധപ്പെട്ട കച്ചവടക്കാർ, അങ്കണവാടി പ്രവർത്തകർ തുടങ്ങി പൊതുജനങ്ങൾക്ക് പ്രത്യേക ഭക്ഷ്യസുരക്ഷാ ലൈസൻസ്-രജിസ്ട്രേഷൻ മേളകൾ തുടങ്ങി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് വിവിധ പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി നടത്തും.

ഭക്ഷ്യസുരക്ഷാ നിലവാര നിയമപ്രകാരം എല്ലാ ഭക്ഷ്യവ്യാപാരികളും ഭക്ഷ്യസുരക്ഷാ ലൈസൻസോ രജിസ്ട്രേഷനോ എടുക്കണം. ഭക്ഷ്യസുരക്ഷാ ഗ്രാമപഞ്ചായത്ത് പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തുന്ന ലൈസൻസ് മേളകളിൽ എല്ലാ ഭക്ഷ്യവ്യാപാരികൾക്കും ലൈസൻസ് നേടാം. ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുള്ള അഭിപ്രായങ്ങളും പരാതികളും 1800-425-1125 എന്ന ടോൺഫ്രീ നമ്പരിലും 04734 221236, 8943346183 എന്നീ നമ്പരുകളിലും അറിയിക്കാം. (പിഎൻപി 551/19)

## ഡിഫൻസ് പെൻഷൻ അദാലത്ത്

ഡിഫൻസ് പെൻഷൻ മിനി അദാലത്ത് ഈ മാസം 28ന് ഡിപിഡി ഓഫീസിൽ നടത്തും. (പിഎൻപി 552/19)

## പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതി

കേന്ദ്രസർക്കാർ നടപ്പാക്കുന്ന പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതി നിലവിൽ വന്നു. അഞ്ച് ഏക്കർ വരെ കൃഷിഭൂമിയുള്ള ചെറുകിട പരിമിത കർഷക കുടുംബങ്ങൾക്ക് (ഭർത്താവ്, ഭാര്യ, 18 വയസിന് താഴെയുള്ള മക്കൾ എന്നിവരുൾപ്പെട്ടത്) 6000 രൂപ വീതം പ്രതിവർഷം നൽകുന്നതാണ് പദ്ധതി. 2000 രൂപ വീതം മൂന്ന് ഗഡുക്കളായി കർഷകരുടെ അക്കൗണ്ടിൽ തുക ലഭിക്കും. 2019 ഫെബ്രുവരി ഒന്നിന് കൈവശമുള്ള വസ്തുവിന്റെ അടിസ്ഥാനത്തിലാണ് പദ്ധതിയിൽ ചേരുന്നതിന് യോഗ്യത നിശ്ചയിക്കുന്നത്.

സർക്കാർ സർവീസിൽ നിന്നും വിരമിച്ചവർ, സർക്കാർ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, 10000 രൂപയിൽ കൂടുതൽ പെൻഷൻ വാങ്ങുന്നവർ, ഇൻകം ടാക്സ് അടയ്ക്കുന്നവർ, പ്രൊഫഷണലുകൾ, പാട്ടകൃഷിക്കാർ, പട്ടയം ഇല്ലാത്തവർ, ആധാർ ഇല്ലാത്തവർ, കൃഷിയോഗ്യമായ സ്ഥലം ഇല്ലാത്തവർ, 2019 ഫെബ്രുവരി ഒന്നിന് ശേഷം കൃഷി ഭൂമി വാങ്ങിയവർ തുടങ്ങിയവർക്ക് ആനുകൂല്യം ലഭിക്കില്ല.

യോഗ്യരായ കർഷകർ ഫെബ്രുവരി 25ന് മുമ്പായി ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട കൃഷിഭവനിൽ പേര് രജിസ്റ്റർ ചെയ്യണം. (പിഎൻപി 553/19)




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഫെബ്രുവരി 14<br>February 14 | 2019 |
|---|---|

*1193 കുംഭം 2 വ്യാഴം*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**സ്മാർട്ട് ക്ലാസ് ഉത്ഘാടനം ചെയ്തു**

പെരുമ്പുളിക്കൽ ഗവ.വെൽഫെയർ എൽ.പി.സ്കൂളിൽ അനുവദിച്ച സ്മാർട്ട് ക്ലാസ് ചിറ്റയം ഗോപകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്തു. എംഎൽഎയുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചാണ് സ്മാർട്ട് ക്ലാസ് റൂം സജ്ജീകരിച്ചത്. പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ പി.പി.റോയി, എ.കെ.സുരേഷ്, പറന്തൽ സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് പി.കെ.അനിൽകുമാർ, രജനി ബാലൻ, അഡ്വ. പി.എൻ.രാമകൃഷ്ണപിള്ള, മാത്യു പറന്തൽ, ആർ.ശ്രീകുമാർ, ജയാമോൾ, ജെ.രാജേന്ദ്രകുറുപ്പ് എന്നിവർ സംസാരിച്ചു.

(പിഎൻപി 554/19)

**പൊതുവിദ്യാലയങ്ങളിലെ പ്രവർത്തനങ്ങൾ**
**ദിശാബോധത്തോടെ മുന്നേറുകയാണെന്ന് ചിറ്റയം ഗോപകുമാർ എംഎൽഎ**

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തമായ ദിശാബോധത്തോടെ മുന്നേറുകയാണെന്ന് ചിറ്റയം ഗോപകുമാർ എംഎൽഎ പറഞ്ഞു. ക്ലസ്റ്ററധിഷ്ഠിത പ്രീസ്കൂൾ ജില്ലാതല ഉദ്ഘാടനം അടൂർ ഗവ.എൽപി സ്കൂളിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു എംഎൽഎ. വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതിന്റെ ഭാഗമായി പ്രീ-പ്രൈമറി തലം മുതൽ ഹയർസെക്കൻഡറിതലം വരെയുള്ള കുട്ടികളുടെ പഠനമികവിനായി ഒട്ടേറെ പരിപാടികളാണ് സർക്കാർ ആസൂത്രണം

ചെയ്തിരിക്കുന്നത്. വിദ്യാലയങ്ങളുടെ അക്കാദമിക മികവ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള എല്ലാ നടപടികളും സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാകുമെന്നും എംഎൽഎ പറഞ്ഞു.

അടൂർ നഗരസഭ ചെയർപേഴ്സൺ ഷൈനി ബോബി അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്തംഗം റ്റി മുരുകേശ്, സർവ ശിക്ഷ അഭിയാൻ ഡി.പി.ഒ ഡോ. ആർ വിജയമോഹൻ, സമഗ്ര ശിക്ഷാ കേരളം സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ കെ ജെ ഹരികുമാർ, എസ്എസ്കെ സ്റ്റേറ്റ് കൺസൾട്ടന്റ് ഡോ. റ്റി പി കലാധരൻ, എസ്എസ്കെ ജില്ലാ പ്രോഗ്രാം ഓഫീസർ പി എ സിന്ധു തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 555/19)

## ജില്ലാ ആസൂത്രണ സമിതിയോഗം നാളെ (16)

ജില്ലാ ആസൂത്രണ സമിതി യോഗം നാളെ ഉച്ചയ്ക്ക് ശേഷം മൂന്നിന് ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേരും. (പിഎൻപി 556/19)

## സർട്ടിഫിക്കറ്റ് ഹാജരാക്കണം

ഇലന്തൂർ ഗ്രാമപഞ്ചായത്തിൽ നിന്നും വിധവാപെൻഷൻ, അവിവാഹിതകൾക്കുള്ള പെൻഷൻ എന്നിവ കൈപ്പറ്റുന്നവർ പുനവർവിവാഹം ചെയ്തിട്ടില്ലെന്ന് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം ഈ മാസം 23നകം ലഭ്യമാക്കണമെന്ന് സെക്രട്ടറി അറിയിച്ചു. (പിഎൻപി 557/19)

## ആരോഗ്യജാഗ്രത: തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കണം – ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

പകർച്ച വ്യാധി നിയന്ത്രണത്തിൽ തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി പറഞ്ഞു. ഈ വർഷത്തെ ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങളുടെ ജില്ലാതല ഉദ്ഘാടനം കോഴഞ്ചേരിയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു പ്രസിഡന്റ്. ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.ബി. സത്യൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.എൽ.ഷീജ മുഖ്യ പ്രഭാഷണം നടത്തി. ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.എബി സുഷൻ ആരോഗ്യ ജാഗ്രതാ സന്ദേശം നൽകി.

കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ശ്യാം മോഹൻ, ജില്ലാ പഞ്ചായത്ത് വൈസ്പ്രസിഡന്റ് ജോർജ് മാമ്മൻ കൊണ്ടൂർ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ ജെറി സാം മാത്യു, ബിജിലി പി.ഈശോ, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർമാരായ ഡോ.സി.എസ്.നന്ദിനി, ഡോ.പി.എൻ.പത്മകുമാരി, ജില്ലാ ആശുപത്രി സൂപ്രണ്ട് ഡോ.പ്രതിഭ, ഇലന്തൂർ സാമൂഹികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ.ആർ.മായ, ജില്ലാ മലേറിയ ഓഫീസർ വി.രാജശേഖരൻ, മാസ് മീഡിയ ഓഫീസർമാരായ റ്റി.കെ.അശോക് കുമാർ, എ.സുനിൽ കുമാർ, ടെക്നിക്കൽ അസിസ്റ്റന്റ് എം.ആർ.അനിൽകുമാർ തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് കോന്നി മുദ്ര സ്കൂൾ ഓഫ് പെർഫോമിംഗ് ആർട്സിലെ കലാകാരന്മാർ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

പരിപാടിയോടനുബന്ധിച്ച് ജില്ലാ ആശുപത്രിയിൽ നിന്നും ആരംഭിച്ച ആരോഗ്യ ജാഗ്രത സന്ദേശറാലി കോഴഞ്ചേരി സർക്കിൾ ഇൻസ്പെക്ടർ അനിൽ ഫ്ളാഗ് ഓഫ് ചെയ്തു.

(പിഎൻപി 558/19)

## വിമുക്തി പ്രശ്നോത്തരി : കുന്നന്താനം സ്കൂളിന് ഒന്നാം സ്ഥാനം

സംസ്ഥാന ലഹരിവർജന മിഷൻ വിമുക്തിയുടെ ആഭിമുഖ്യത്തിൽ വിദ്യാർഥികളിൽ ലഹരിക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിന് പ്രശ്നോത്തരി മത്സരം സംഘടിപ്പിച്ചു. മത്സര

ത്തിൽ കുന്നന്താനം എൻഎസ്എസ് ഹൈസ്കൂൾ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടി. കുമ്പനാട് എൻഎംഎച്ച് രണ്ടാം സ്ഥാനം കരസ്ഥമാക്കി. ഹയർ സെക്കൻഡറി വിഭാഗത്തിൽ തുമ്പമൺ എംജിഎച്ച്എസ്എസിന് ഒന്നാം സ്ഥാനവും എലിമുള്ളുംപ്ലായ്ക്കൽ ജിഎച്ച്എസ് എസ് രണ്ടാം സ്ഥാനവും നേടി.

തൈക്കാവ് ഗവൺമെന്റ് സ്കൂളിൽ നടന്ന ജില്ലാതല മത്സരം വീണാജോർജ് എംഎൽഎ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഉഷാകുമാരി അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ എസ്.എസ്.രഞ്ജിത്ത്, കൗൺസിലർമാരായ പി.വത്സല, ഹെഡ്മിസ്ട്രസ് എസ്.ലീലാമണി, പിറ്റിഎ പ്രസിഡന്റ് ജി.സന്തോഷ് എന്നിവർ സംസാരിച്ചു.

വിജയികൾക്ക് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ എം.അൻസാരി ബീഗു സമ്മാനം വിതരണം ചെയ്തു. വിമുക്തി കോ-ഓർഡിനേറ്റർ ഷാബു തോമസ് പരിപാടികൾക്ക് നേതൃത്വം നൽകി. (പിഎൻപി 559/19)

## ജില്ലയിൽ 3954 മെട്രിക് ടൺ ഭക്ഷ്യധാന്യം അനുവദിച്ചു

ജില്ലയിലെ റേഷൻ കാർഡുടമകൾക്ക് ഈ മാസം വിതരണം നടത്തുന്നതിനായി 3423.636 മെ. ടൺ അരിയും 531.250 മെ. ടൺ ഗോതമ്പും ഉൾപ്പെടെ 3954.886 മെട്രിക് ടൺ ഭക്ഷ്യധാന്യം അനുവദിച്ചു. മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുകളിലെ (പിങ്ക് കാർഡ്) ഓരോ അംഗത്തിനും കിലോഗ്രാമിന് രണ്ട് രൂപാ നിരക്കിൽ നാല് കിലോഗ്രാം അരിയും ഒരു കിലോഗ്രാം ഗോതമ്പും, എ.എ.വൈ കാർഡുകൾക്ക് (മഞ്ഞ കാർഡ്) സൗജന്യ നിരക്കിൽ കാർഡൊന്നിന് 30 കി.ഗ്രാം അരിയും അഞ്ച് കിലോഗ്രാം ഗോതമ്പും റേഷൻ കടകളിൽ നിന്ന് ഈ മാസം ലഭിക്കും. മുൻഗണനാ-ഇതര-സബ്സിഡി പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് (നീല കാർഡ്) ഓരോ അംഗത്തിനും നാല് രൂപാ നിരക്കിൽ രണ്ട് കിലോഗ്രാം അരിയും മുൻഗണനാ-ഇതര-നോൺ സബ്സിഡി വിഭാഗത്തിൽപ്പെട്ടവർക്ക് (വെള്ള കാർഡ്) കാർഡൊന്നിന് നാല് കിലോഗ്രാം അരി ലഭിക്കും. മുൻഗണനാ-ഇതര-സബ്സിഡി, മുൻഗണനാ-ഇതര-നോൺ സബ്സിഡി കാർഡുകൾക്ക് പരമാവധി മൂന്ന് കിലോഗ്രാം അല്ലെങ്കിൽ രണ്ട് കിലോഗ്രാം ആട്ട സ്റ്റോക്കിന്റെ ലഭ്യത അനുസരിച്ച് കി.ഗ്രാമിന് 17 രൂപാ നിരക്കിൽ ലഭിക്കും. വൈദ്യുതീകരിച്ച വീടുള്ള എല്ലാ കാർഡുടമകൾക്കും കാർഡൊന്നിന് അര ലിറ്ററും, വൈദ്യുതീകരിക്കാത്ത വീടുള്ളവർക്ക് കാർഡൊന്നിന് നാല് ലിറ്ററും മണ്ണെണ്ണ, ലിറ്ററിന് 33 രൂപാ നിരക്കിൽ ലഭിക്കും.

ഇതുകൂടാതെ പ്രളയബാധിതകാർഡുകൾക്ക് മൂന്ന് മുതൽ അഞ്ച് ലിറ്റർ വരെ നോൺ സബ്സിഡി മണ്ണെണ്ണ ലിറ്ററിന് 36 രൂപ നിരക്കിലും ലഭ്യമാണ്. എ.എ.വൈ കാർഡിന് മാത്രം 21 രൂപ നിരക്കിൽ ഒരു കിലോ പഞ്ചസാര ലഭിക്കും.

പരാതികൾ 1800-425-1550 എന്ന ടോൾ ഫ്രീ നമ്പരിലോ ജില്ലാ സപ്ലൈ ആഫീസിലെ 0468 2222612 എന്ന നമ്പരിലോ, താലൂക്ക് സപ്ലൈ ആഫീസുകളിലെ താഴെ പറയുന്ന നമ്പരുകളിലോ അറിയിക്കാം. കൂടാതെ റേഷൻകടകളിൽ പ്രദർശിപ്പിച്ചിട്ടുള്ള റേഷനിംഗ് ഇൻസ്പെക്ടർമാരുടെയും/താലൂക്ക് സപ്ലൈ ആഫീസറുടെയും മൊബൈൽ നമ്പരുകളിലും പരാതി അറിയിക്കാമെന്നും ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു.

താലൂക്ക് സപ്ലൈ ഓഫീസുകളിലെ ഫോൺ നമ്പരുകൾ:

കോഴഞ്ചേരി - 0468 2222212, കോന്നി - 0468 2246060, തിരുവല്ല - 0469 2701327, അടൂർ - 0473 4224856, റാന്നി - 0473 5227504, മല്ലപ്പള്ളി -0469 2782374. (പിഎൻപി 560/19)

## ക്ഷീര കർഷക പാർലമെന്റ് : പ്രചരണയാത്ര നടത്തി

ക്ഷീര വികസന വകുപ്പിന്റെയും, ക്ഷീരസഹകരണ സംഘങ്ങളുടെയും സംയുക്ത ആഭിമുഖ്യത്തിൽ മിൽമ ക്ഷീരോൽപ്പാദന യൂണിയനുകൾ, കേരള വെറ്ററനറി യൂണിവേഴ് സിറ്റി, മൃഗസംരംക്ഷണ വകുപ്പ് കെഎൽഡി ബോർഡ്, കേരള ഫീഡ്സ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ സംസ്ഥാന ക്ഷീരകർഷക പാർലമെന്റ് 2019 സംഘടിപ്പിക്കുന്നു. ഇതോടനുബന്ധിച്ച് ജില്ലയിൽ പ്രചരണം നടത്തുന്നതിന് പ്രചരണ വാഹനമായ അതിജീവനയാനം യാത്ര നടത്തി. അടൂർ ബസ് സ്റ്റാൻഡിൽ നിന്ന് ആരംഭിച്ച പ്രചരണ വാഹനത്തിന്റെ യാത്ര തിരുവല്ല കടപ്രയിൽ അവസാനിച്ചു. പന്തളം കുരമ്പാല, കോഴഞ്ചേരി, പുല്ലാട്-കോയിപ്രം, മല്ലപ്പള്ളി-വള്ളമല എന്നിവിടങ്ങളിൽ പ്രചരണ വാഹനത്തിന് സ്വീകരണം നൽകി.

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സിൽവി മാത്യു, ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മെമ്പർ മുണ്ടപ്പള്ളി തോമസ്, അടൂർ ക്ഷീരവ്യവസായ സംഘം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റ് ചെയർമാൻ ഡി സജി, മുൻസിപ്പൽ കൗൺസിലർ അഡ്വ ബിജു വർഗീസ്, ക്ഷീരസഹകരണ സംഘം പ്രതിനിധി ജോബോയ് ജോസഫ്, രാകേഷ് കുമാർ, എസ് അഖിൽ, എൽ മീര, രാജു ജോൺ, ശോഭ കുമാരി, സത്യൻ, പി കെ വർഗീസ്, കെ സേതുകുമാർ, സി പി രാമചന്ദ്രൻ നായർ, വിജയൻ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 561/19)

## സ്മാർട്ട് ബയോബിൻ ആനുകൂല്യത്തിന് അപേക്ഷിക്കാം

ഓമല്ലൂർ ഗ്രാമപഞ്ചായത്തിലെ 2018-19 ജനകീയ ആസൂത്രണ പദ്ധതിയിൽ ഉൾപ്പെട്ട ഗാർഹിക മാലിന്യ സംസ്കരണ പദ്ധതിയായ സ്മാർട്ട് ബയോബിൻ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് അർഹരായവർ ഗുണഭോക്തൃവിഹിതം അടച്ച് അപേക്ഷ നൽകണമെന്ന് സെക്രട്ടറി അറിയിച്ചു. (പിഎൻപി 562/19)

## ഫോട്ടോ അടിക്കുറിപ്പ്

1) പെരുമ്പുളിക്കൽ ഗവ.വെൽഫെയർ എൽ.പി.സ്കൂളിൽ അനുവദിച്ച സ്മാർട്ട് ക്ലാസ് റൂം ചിറ്റയം ഗോപകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.
2) ക്ലസ്റ്ററധിഷ്ഠിത പ്രീസ്കൂൾ ജില്ലാതല ഉദ്ഘാടനം അടൂർ ഗവ.എൽപി സ്കൂളിൽ ചിറ്റയം ഗോപകുമാർ എംഎൽഎ നിർവഹിക്കുന്നു.
3) ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങളുടെ ജില്ലാതല ഉദ്ഘാടനം കോഴഞ്ചേരിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി നിർവഹിക്കുന്നു.
4) ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങളുടെ ജില്ലാതല ഉദ്ഘാടനത്തോടനുബന്ധിച്ച് നടന്ന ആരോഗ്യജാഗ്രത സന്ദേശറാലി കോഴഞ്ചേരി സർക്കിൾ ഇൻസ്പെക്ടർ അനിൽ ഫ്ളാഗ് ഓഫ് ചെയ്യുന്നു.
5) തൈക്കാവ് ഗവൺമെന്റ് സ്കൂളിൽ നടന്ന വിമുക്തി ജില്ലാതല പ്രശ്നോത്തരി മത്സരം വീണാജോർജ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഫെബ്രുവരി 14<br>February 14 | 2019 |
|---|---|

*1193 കുംഭം 2 വ്യാഴം*

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

### സർട്ടിഫിക്കറ്റ് ഹാജരാക്കണം

മൈലപ്ര ഗ്രാമപഞ്ചായത്തിൽ നിന്നും വിധവാപെൻഷൻ, അവിവാഹിതകൾക്കുള്ള പെൻഷൻ എന്നിവ കൈപ്പറ്റുന്നവർ പുനവർവിവാഹം ചെയ്തിട്ടില്ലെന്ന് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം ഈ മാസം 28നകം ലഭ്യമാക്കണമെന്ന് സെക്രട്ടറി അറിയിച്ചു. (പിഎൻപി 563/19)

### വസ്തുനികുതി കളക്ഷൻ ക്യാമ്പുകൾ

മൈലപ്ര ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി സ്വീകരിക്കുന്നതിന് 18 മുതൽ 26 വരെ വിവിധ കേന്ദ്രങ്ങളിൽ ക്യാമ്പ് നടത്തും. 18ന് കുമ്പഴ വടക്ക് ജംഗ്ഷൻ, ശാന്തി നഗർ ജംഗ്ഷൻ, 19ന് മേക്കൊഴൂർ മാർക്കറ്റ്, ആനക്കുഴി ജംഗ്ഷൻ, 20ന് മണ്ണാറക്കുളഞ്ഞി മാർക്കറ്റ്, കോട്ടമല അങ്കണവാടി ജംഗ്ഷൻ, 21ന് പേഴുംകാട് ജംഗ്ഷൻ, ചെറുവള്ളിക്കര കടപ്പടിക്കൽ, 22ന് മേക്കൊഴൂർ മാർക്കറ്റ്, മുള്ളൻകല്ല് വെൽഡിംഗ് വർക്ക്ഷോപ്പിന് സമീപം, 23ന് തടിയിൽപ്പടി, മണലുനിരവ് വിളയിൽ പീടിക, 25ന് കോട്ടപ്പാറ, കാക്കാംതുണ്ട് ജംഗ്ഷൻ, 26ന് പത്തരപ്പടി ജംഗ്ഷൻ, നാൽക്കാലിപ്പടി ജംഗ്ഷൻ എന്നിവിടങ്ങളിലാണ് ക്യാമ്പ് പ്രവർത്തിക്കുക. (പിഎൻപി 564/19)

## ക്വട്ടേഷൻ

തേക്കുതോട് ഗവൺമെന്റ് ഹൈസ്കൂളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതിയിൽ ബ്രാൻഡഡ് ഫാൻ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ഫോൺ: 0469 2600181.

(പിഎൻപി 565/19)

## ഹർത്താൽ അതിക്രമത്തിന് ഇരയായവർക്ക് സൗജന്യ നിയമസഹായം

ഹർത്താലിൽ അതിക്രമം നേരിട്ടവർക്കും സ്വത്തിനും ജീവനും നാശം സംഭവിച്ചവർക്കും സൗജന്യ നിയമസഹായത്തിന് ജില്ലാ/ താലൂക്ക് നിയമസേവന കേന്ദ്രങ്ങളെ സമീപിക്കാമെന്ന് മെമ്പർ സെക്രട്ടറി അറിയിച്ചു. സംസ്ഥാനത്തെ നിയമസേവന കേന്ദ്രങ്ങൾ മുഖേന ലോക് അദാലത്തുകളിലൂടെയും 1987ലെ നിയമ സേവന അതോറിറ്റി ആക്ട്, വകുപ്പ് 12നും 13നും വിധേയമായാണ് സൗജന്യ നിയമസഹായം നൽകുന്നത്.

(പിഎൻപി 566/19)




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

**ഫെബ്രുവരി 14**

**February 14**

**2019**

***1193 കുംഭം 2 വ്യാഴം***

## പത്രക്കുറിപ്പ് -4

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657


**............ഇൻഷ്യൽ തിരുത്തണമെന്ന് അഭ്യർഥിക്കുന്നു............**
**ജില്ലാ സ്പോർട്സ് കൗൺസിൽ ഭാരവാഹികളെ തിരഞ്ഞെടുത്ത വാർത്ത യിൽ സ്പോർട്സ് കൗൺസിൽ പ്രസിഡന്റിന്റെ ഇൻഷ്യൽ കെ. എന്ന് തിരുത്തണ മെന്ന് അഭ്യർഥിക്കുന്നു.**

**ക്ലസ്റ്റർ അധിഷ്ഠിത പ്രീ-പ്രൈമറി വിദ്യാലയങ്ങൾ**
**ജില്ലയിൽ പ്രവർത്തനം ആരംഭിച്ചു**

സമഗ്രശിക്ഷ പത്തനംതിട്ടയുടെ നേതൃത്വത്തിൽ ക്ലസ്റ്റർ അധിഷ്ഠിത പ്രീ-സ്കൂളുകളുടെ ജില്ലാതല പ്രവർത്തനങ്ങൾക്ക് ജില്ലയിൽ തുടക്കം കുറിച്ചു. ജില്ലാതല ഉദ്ഘാടനം അടൂർ ഗവ.എൽ.പി സ്കൂളിൽ ചിറ്റയം ഗോപകുമാർ എം.എൽ.എ നിർവഹിച്ചു. മുനിസിപ്പൽ ചെയർപേഴ്സൺ ഷൈനി ബോബി അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് അംഗം റ്റി. മുരുകേശ് മുഖ്യപ്രഭാഷണം നടത്തി. സ്കൂൾതല പഠനോത്സവത്തിന്റെ ഉദ്ഘാടനം സൂസി ജോസഫ് നിർവഹിച്ചു.

ഈ വർഷം പ്രീപ്രൈമറിതലത്തിൽ തെരഞ്ഞെടുക്കപ്പെട്ട 30 സ്കൂളുകളെ പഞ്ചായത്തുതല ലീഡ് സ്കൂളാക്കി ഉയർത്തി. ലീഡ് സ്കൂളുകളുടെ ഭൗതികവും, അക്കാദമികവും, സാമൂഹികവുമായ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ഒപ്പം ലീഡ് സ ്കൂളുകളുടെ കീഴിലുള്ള മറ്റ് പ്രീ-സ്കൂളുകളെയും മികവിലേക്കു നയിക്കുകയും ചെയ്യുന്ന

രീതിയിലാണ് പദ്ധതികൾ രൂപീകരിച്ചിരിക്കുന്നത്. ജില്ലയിലെ ബാക്കി 27 പഞ്ചായത്തുകളിൽകൂടി ലീഡ് സ്കൂളുകളാക്കി മാറ്റാനുള്ള പ്രവർത്തനം അടുത്ത അക്കാദമിക വർഷം ആരംഭിക്കും. പ്രീ സ്കൂളുകൾ അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കുകയും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നതിനായി ഒരു ലക്ഷം രൂപ വീതം നൽകുകയും ചെയ്തു. പ്രീസ്കൂൾ അധ്യാപകർക്കായി പ്രത്യേക പരിശീലനം നൽകുകയും, പഠനോപകരണങ്ങൾ നിർമിക്കുകയും ചെയ്തു. ലീഡ് സ്കൂൾ സംവിധാനം സമീപ സ്കൂളുകളിലെ പ്രീപ്രൈമറി കുട്ടികൾക്കും അംഗൻവാടി കുട്ടികൾക്കും പ്രയോജനപ്പെടുന്ന രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ശിശുസൗഹൃദ പ്രീ-സ ്കൂളുകളായി ഉയർത്താനുള്ള പ്രവർത്തനങ്ങളാണ് ആദ്യഘട്ടത്തിൽ നടത്തിയത്. വിദ്യാഭ്യാസവകുപ്പ് തയാറാക്കിയ മാർഗരേഖ പ്രകാരമാണ് ഈ അക്കാദമിക വർഷം നടത്തേ പ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുള്ളത്. വിവിധ ഏജൻസികൾ മുഖേന നടത്തുന്ന പ്രീ-സ്കൂൾ വിദ്യാലയങ്ങളെ ഒരു കുടക്കീഴിൽ കൊ ുവരാനുള്ള ശ്രമമാണ് ഇപ്പോൾ ആരംഭിച്ചിട്ടുള്ളത്. വ്യത്യസ്ത ഏജൻസികൾ നടത്തുന്ന വിവിധ പാഠ്യപദ്ധതിയും പഠന രീതികളുമാണ് ഇപ്പോൾ നിലവിലുള്ളത്. ഇതിനെ ശാസ്ത്രീയമായി പരിഷ്കരിക്കാനുള്ള ശ്രമവും ഭാവിയിലു ാകും.

സമഗ്രശിക്ഷ പത്തനംതിട്ട ജില്ലാ പ്രോജക്ട് ഓഫീസർ ഡോ.ആർ.വിജയമോഹനൻ, സമഗ്രശിക്ഷ കേരളം സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ കെ.ജെ.ഹരികുമാർ, സ്റ്റേറ്റ് കൺസൾട്ടൻറ് ഡോ. ടി.പി കലാധരൻ, സമഗ്രശിക്ഷ ജില്ലാ പ്രോഗ്രാം ഓഫീസർ പി.എ സിന്ധു, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ബി. വിജയലക്ഷ്മി, അടൂർ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ജോസ് മാത്യു, പത്തനംതിട്ട ബ്ലോക്ക് പ്രോഗ്രാം ഓഫീസർ കെ.എൻ.ശ്രീകുമാർ, ഡി. അശോകൻ (പ്രഥമാധ്യാപകൻ, ജി.യു.പി.എസ് അടൂർ), നബീസത്ത് ബീവി (പ്രഥമാധ്യാപിക, ജി.എൽ.പി.എസ് അടൂർ), വേണുഗോപാൽ (എസ്.എം.സി ചെയർമാൻ, ജി.യു.പി.എസ് അടൂർ), കെ.എസ് പ്രേംനാഥ് (എസ്.എം.സി ചെയർമാൻ, ജി.എൽ.പി.എസ് അടൂർ), മാത്യു വീരപ്പള്ളിൽ (പൂർവവിദ്യാർഥി സമിതി പ്രസിഡന്റ്) എന്നിവർ പ്രസംഗിച്ചു.

(പിഎൻപി 567/19)

## നാഷണൽ സ്റ്റുഡന്റസ് പാർലമെന്റ്: ഓൺലൈനായി രജിസ്റ്റർ ചെയ്യാം

കേരള നിയമസഭയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ സമാപനവുമായി ബന്ധപ്പെട്ട് ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയുടെ ഭാഗമായുള്ള നാഷണൽ സ്റ്റുഡന്റസ് പാർലമെന്റ് ഫെബ്രുവരി 23, 24, 25 തീയതികളിൽ തിരുവനന്തപുരത്ത് നിയമസഭാ സമുച്ചയത്തിൽ സംഘടിപ്പിക്കും. പരിപാടിയുടെ ഭാഗമാകാൻ ംംം.ഉലശ്ശേമഹീീറലാീര്യമര്യ.ശി ൽ മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യാം.

പരിപാടിയിൽ 18 മുതൽ 30 വയസ് വരെ പ്രായമുള്ള ര ായിരത്തോളം വിദ്യാർഥികൾ പങ്കെടുക്കും. സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ള പ്രമുഖരും വിദഗ്ധരുമായ വ്യക്തികൾ വിവിധ വിഷയങ്ങളിൽ സംസാരിക്കും. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള വിദ്യാർഥികൾക്ക് പരസ്പരം സംവദിക്കുവാനും ആനുകാലിക വിഷയങ്ങളിൽ ആശയങ്ങളും അഭിപ്രായങ്ങളും പ്രകടിപ്പിക്കുവാനുള്ള വേദി ഒരുക്കും.

(പിഎൻപി 568/19)

**ഫോട്ടോ അടിക്കുറിപ്പ്**

4) സമഗ്രശിക്ഷ കേരളയുടെ നേതൃത്വത്തിലാരംഭിച്ച ക്ലസ്റ്റർ അധിഷ്ഠിത പ്രീ-സ ്കൂളുകളുടെ ജില്ലാതല ഉദ്ഘാടനം അടൂർ ഗവ.എൽ.പി സ്കൂളിൽ ചിറ്റയം ഗോപകുമാർ എം.എൽ.എ നിർവഹിക്കുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്